പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 1430 | 03.10.2016 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## പാൻമസാല പോലുള്ള ലഹരി വസ്തുക്കൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>, പി.കെ. അബ്ദു റബ്ബ്<br>,, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. പാറക്കൽ അബ്ദുല്ല | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | പാൻമസാല പോലുള്ള ലഹരി വസ്തുക്കൾ ചേർത്ത മിഠായികൾ സ്കൂൾ പരിസരങ്ങളിൽ വിറ്റഴിക്കപ്പെടുന്നതാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഉണ്ടെങ്കിൽ അത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് പരിശോധന നടത്തി സാമ്പിളുകൾ പിടിച്ചെടുത്തിട്ടുണ്ടോ; പരിശോധനാ ഫലം ലഭിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. സാമ്പിളുകൾ പരിശോധനയ്ക്കയച്ചതിൽ പരിശോധനാഫലം ലഭിച്ചിട്ടില്ല. |
| സി) | സ്കൂൾ പരിസരങ്ങളിലെയും, കുട്ടികൾ കൂടുതലായി എത്തുന്ന പ്രദേശങ്ങളിലെയും കച്ചവട കേന്ദ്രങ്ങളിലൂടെ വിൽപന നടത്തുന്ന ഭക്ഷ്യവസ്തുക്കളും മറ്റു ഉപഭോഗ വസ്തുക്കളും നിശ്ചിത കാലയളവുകളിൽ സാമ്പിൾ പരിശോധന നടത്തി അവയിൽ ഹാനികരമായ വസ്തുക്കളില്ലെന്ന് ഉറപ്പു വരുത്താൻ നിർദ്ദേശം നൽകുമോ? | സി) | ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനകളിൽ ഇത്തരം ഹാനികരമായ വസ്തുകളുടെ സാന്നിദ്ധ്യം പരിശോധിക്കാറുള്ളതാണ്. പരിശോധനകളിൽ ഹാനികരമായ വസ്തുക്കൾ കണ്ടെത്തുന്നപക്ഷം ബന്ധപ്പെട്ടവർക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷാഗുണ നിലവാരനിയമവും അനുബന്ധചട്ടവും അനുശാസിക്കും പ്രകാരം കർശനനടപടി സ്വീകരിക്കുന്നതാണ്. കൂടാതെ സ്കൂൾ കുട്ടികൾക്കായി നടത്തിവരുന്ന അവബോധന ക്ലാസ്സുകളിലും ഇത്തരം വിഷയങ്ങൾ ഗൗരവമായി ചർച്ച ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ